# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2355 15/07/2011-ൽ മറുപടിക്ക്

## ചാത്തന്നൂരിൽ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം

**ചോദ്യം**

ശ്രീ. ജി.എസ്. ജയലാൽ:

**ഉത്തരം**

ശ്രീ. എ.പി. അനിൽ കുമാർ
(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ചാത്തന്നൂർ പ്രദേശത്ത് പണി ആരംഭിച്ചിട്ടുള്ള പ്രീമെട്രിക് ഹോസ്റ്റലിന്റെ നിർമ്മാണം ഏത് ഏജൻസിയാണ് നടത്തുന്നതെന്നും എത്ര രൂപ അടങ്കലിലാണ് പണി നൽകിയിട്ടുള്ളതെന്നും അറിയിക്കുമോ; | (എ) ചാത്തന്നൂരിലെ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖേന നടത്തുന്നതിനായി 67,86,423/- രൂപ അടങ്കൽ തുകയ്ക്കുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. |
| (ബി) ഈ നിർമ്മാണം ആരംഭിച്ചിട്ട് എത്ര മാസമായെന്നും, പണി എന്ന് പൂർത്തീകരിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) 08/09/2010-ൽ ശിലാസ്ഥാപനം നടത്തി ആരംഭിച്ചിട്ടുള്ള പ്രസ്തുത നിർമ്മാണ പ്രവർത്തനം കരാർ പ്രകാരം 27/09/2011-ൽ പൂർത്തീകരിക്കേണ്ടതാണ്. |
| (സി) പ്രീമെട്രിക് ഹോസ്റ്റലിന്റെ ഇപ്പോഴത്തെ നിർമ്മാണ പുരോഗതി അറിയിക്കുമോ; എത്രയും പെട്ടെന്ന് പണി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) ഗ്രൗണ്ട് ഫ്ലോറിന്റെ കോൺക്രീറ്റിംഗ് പൂർത്തിയായി വരുന്നു; നിശ്ചിത സമയ പരിധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കുന്നതിന് നിർമ്മാണ ഏജൻസിക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ